049/2026

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ

ചോദ്യങ്ങളുടെ ആകെ എണ്ണം : 100

സമയം : 1 മണിക്കൂർ 30 മിനിട്ട്

പരമാവധി മാർക്ക് : 100

ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

Visit KPSCHub.in
More QPs & Answer Keys

Visit KPSCHub.in
More QPs & Answer Keys

049/2026

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിൽ ഉത്തർപ്രദേശിലെ ബരൗട്ട് പർഗാനയിൽ കലാപത്തിന് നേതൃത്വം നൽകിയത് ആര്?

(A) ഷാമൽ
(B) ബിർജിസ് ഖാദർ
(C) നാനാ സാഹിബ്
(D) ബഹദൂർഷാ രണ്ടാമൻ

2. പിൻ തിയ്യതി വച്ച ചെക്ക് എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് എന്തിനെ ആണ്?

(A) ക്വിറ്റ് ഇന്ത്യാ സമരം
(B) നിയമ ലംഘന പ്രസ്ഥാനം
(C) ക്രിപ്സ് മിഷൻ
(D) കാബിനറ്റ് മിഷൻ

3. മലയാളത്തിൽ അച്ചടിച്ച ആദ്യ ഗ്രന്ഥം ഏത്?

(A) സംക്ഷേപ വേദാർത്ഥം
(B) അഭിനവ കേരളം
(C) കേസരി
(D) പ്രാചീന മലയാളം

4. നിസ്സഹകരണ പ്രസ്ഥാനം നിർത്തിവയ്ക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവം എന്ത്?

(A) മാപ്പിള ലഹള
(B) ജാലിയൻ വാലാബാഗ് ദുരന്തം
(C) ഗാന്ധി - ഇർവ്വിൻ കരാർ
(D) ചൗരി ചൗര

5. 1897-ൽ അമരാവതിയിൽ വച്ച് നടന്ന കോൺഗ്രസ്സ് സമ്മേളനത്തിന്റെ അധ്യക്ഷൻ ആരായിരുന്നു?

(A) എ.കെ. ഗോപാലൻ
(B) സർ.സി. ശങ്കരൻ നായർ
(C) ഗാന്ധിജി
(D) കെ.പി. കേശവമേനോൻ

6. 2025-ലെ മികച്ച ഫുട്ബോൾ താരത്തിനുള്ള ഫിഫ ദ ബെസ്റ്റ് പുരസ്ക്കാരം നേടിയ കളിക്കാരൻ ആര്?

(A) റൊണാൾഡൊ
(B) ഉസ്മാൻ ഡെംബലെ
(C) ലയണൽ മെസ്സി
(D) ഹാലാന്റ്

Visit KPSCHub.in
More QPs & Answer Keys

7. താഴെപ്പറയുന്നവയിൽ ശരിയായത് തിരഞ്ഞെടുക്കുക.

I. ന്യൂനമർദ്ദ മേഖലയിൽ നിന്നും ഉച്ചമർദ്ദ മേഖലയിലേക്ക് കാറ്റുകൾ വീശുന്നു.

II. ഉപോഷ്ണമേഖല ഉച്ചമർദ്ദ മേഖല 30° വടക്ക് 30° തെക്ക് സ്ഥിതി ചെയ്യുന്നു.

III. ഉപധ്രുവീയ ന്യൂനമർദ്ദ മേഖല 60° വടക്ക്, 60° തെക്ക് സ്ഥിതി ചെയ്യുന്നു.

(A) I & II
(B) I & III
(C) II & III
(D) I, II & III

8. താഴെ കൊടുത്തിരിക്കുന്നവയിൽ നദികളുടെ ശരിയായ പോഷക നദികൾ ഏതെല്ലാം?

ക്രമനമ്പർ	നദി	പോഷക നദി
I	ചമ്പൽ	ബനാസ്
II	കൃഷ്ണ	ഇന്ദ്രാവതി
III	ഗോദാവരി	കൊയ്ന
IV	കാവേരി	കബനി

(A) I & II
(B) I & III
(C) I & IV
(D) II & III

9. ഒരു സെക്കൻഡ് സമയത്തിൽ ഒരു നിശ്ചിത സ്ഥാനം കടന്നുപോകുന്ന തിരമാലകളുടെ എണ്ണം?

(A) തിരാ ആവൃത്തി
(B) തിരാകാലം
(C) തിരാദൈർഘ്യം
(D) തിരാ ആയതി

10. താഴെപ്പറയുന്നവയിൽ ഉപദ്വീപിയ പീഠഭൂമിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാം?

I. ഉപദ്വീപിയ പീഠഭൂമിയുടെ ചരിവ് പടിഞ്ഞാറ് നിന്നും കിഴക്കോട്ടേക്ക് കുറഞ്ഞുവരുന്നു.

II. ഉപദ്വീപീയ പീഠഭൂമിയുടെ വടക്കു കിഴക്കൻ തുടർച്ചയാണ് ഷില്ലോങ്ങ് പീഠഭൂമി.

III. ഉപദ്വീപിയ പീഠഭൂമിയുടെ പടിഞ്ഞാറ് അതിർത്തി ഗിർ മലനിരകളാണ്.

(A) I & II ശരിയാണ്
(B) I മാത്രം ശരി
(C) II മാത്രം ശരി
(D) I, II & III ശരിയാണ്

Visit KPSCHub.in
More QPs & Answer Keys

11. താഴെപ്പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക

I. വയനാട് ജില്ല രൂപീകൃതമായത് 1981 നവംബർ 1.

II. വയനാട് ജില്ലയിൽ മൂന്ന് താലൂക്കുകൾ ഉണ്ട്.

III. 700 മീറ്റർ മുതൽ 2100 മീറ്റർ വരെയാണ് വയനാട് പീഠഭൂമിയുടെ ഉയരം.

(A) I & II
(B) I & III
(C) II & III
(D) I, II & III

12. 2050-ഓടെ കേരളത്തെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കാനുള്ള പദ്ധതിയായ അംഗൻജ്യോതി പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയ ഒരു നിയോജകമണ്ഡലം?

(A) ചിറ്റൂർ
(B) മണ്ണാർക്കാട്
(C) വട്ടിയൂർക്കാവ്
(D) കൊയിലാണ്ടി

13. മിശ്രസമ്പദ്വ്യവസ്ഥ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്?

(A) ആധുനികവും പരമ്പരാഗതവുമായ വ്യവസായങ്ങൾ
(B) പൊതു മേഖലയും സ്വകാര്യ മേഖലയും
(C) സ്ഥൂല സാമ്പത്തികശാസ്ത്രവും സൂക്ഷ്മ സാമ്പത്തികശാസ്ത്രവും
(D) ഇവയൊന്നും ഇല്ല

14. താഴെ തന്നിരിക്കുന്നവയിൽ ഹരിതവിപ്ലവത്തിന്റെ ഘടകങ്ങൾ ഏതൊക്കെ?

(a) അത്യുല്പാദനശേഷിയുള്ള വിത്തുകൾ

(b) ജലസേചനം

(c) രാസവളപ്രയോഗം

(A) a, b
(B) a, c
(C) b, c
(D) എല്ലാം

15. ഇന്ത്യൻ ഭരണഘടനയിലെ പഞ്ചവത്സര പദ്ധതികൾ എന്ന സങ്കൽപം ഏത് രാജ്യത്ത് നിന്നാണ് കടമെടുത്തത്?

(A) റഷ്യ
(B) ഇംഗ്ലണ്ട്
(C) യുണൈറ്റഡ് സ്റ്റേറ്റ്
(D) ജർമനി

16. ഇന്ത്യൻ ജനസംഖ്യയുടെ 70% ആളുകളും ഏർപ്പെട്ടിരിക്കുന്ന മേഖല

(A) പൊതുമേഖല
(B) പ്രാഥമിക മേഖല
(C) ദ്വിതീയ മേഖല
(D) തൃതീയ മേഖല

Visit KPSCHub.in
More QPs & Answer Keys

17. താഴെപറയുന്നവയിൽ സാമ്പത്തികവികസനത്തിന്റെ അളവുകോൽ ഏത്?

(A) ജി.ഡി.പി.
(B) എൻ.എൻ.പി.
(C) പ്രതിശീർഷവരുമാനം
(D) ജി.എൻ.പി.

18. താഴെ പറയുന്നവയിൽ കേന്ദ്ര ഗവൺമെന്റ് കളക്റ്റ് ചെയ്യാത്ത നികുതി ഏത്?

(A) വരുമാന നികുതി
(B) കസ്റ്റംസ് തീരുവ
(C) എക്സൈസ് ഡ്യൂട്ടി
(D) തൊഴിൽ നികുതി

19. "ചോദനം അതിന്റെ പ്രദാനത്തെ ഉണ്ടാക്കുന്നു" എന്ന് പറഞ്ഞതാര്?

(A) ജെ.ബി. സേ
(B) ജെ.എസ്. മിൽ
(C) ജെ.എം. കെയിൻസ്
(D) ആഡം സ്മിത്ത്

20. കാലക്രമത്തിൽ എഴുക്കുക (ഇന്ത്യയിലെ രാഷ്ട്രപതിമാർ)

A. സാക്കിർ ഹുസൈൻ
B. സർവേപ്പള്ളി രാധാകൃഷ്ണൻ
C. രാജേന്ദ്ര പ്രസാദ്
D. വി.വി. ഗിരി

(A) C, B, D, A
(B) C, B, A, D
(C) B, C, A, D
(D) C, D, B, A

21. ചേരുംപടി ചേർക്കുക.

1.	അംഗത്തിന്റെ കാലാവധി ആറ് വർഷം	A.	കൗൺസിൽ ഓഫ് സ്റ്റേറ്റ്
2.	ധനകാര്യബില്ല് ആദ്യം അവതരിപ്പിക്കുന്ന സഭ	B.	രാജ്യസഭ
3.	രാജ്യസഭ	C.	ലോകസഭ
4.	ലോകസഭ	D.	ഹൗസ് ഓഫ് ദ പീപ്പിൾ

(A) 1-C, 2-B, 3-D, 4-A
(B) 1-B, 2-A, 3-D, 4-C
(C) 1-B, 2-C, 3-D, 4-A
(D) 1-B, 2-C, 3-A, 4-D

22. ഇന്ത്യൻ രാഷ്ട്രപതിക്ക് വേണ്ട യോഗ്യതകളെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ വകുപ്പ് ഏത്?

(A) വകുപ്പ് 58
(B) വകുപ്പ് 61
(C) വകുപ്പ് 368
(D) വകുപ്പ് 52

Visit KPSCHub.in
More QPs & Answer Keys

23. ഇന്ത്യയിൽ സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു നീതിന്യായ സംവിധാനം ഉറപ്പാക്കാനായി ഭരണഘടന നൽകിയിരിക്കുന്ന വ്യവസ്ഥകളിൽ പെടാത്തത് ഏത്? ഏതൊക്കെ?

1. ജഡ്ജിമാരെ നിയമിക്കുന്നത് യോഗ്യതയുടെ അടിസ്ഥാനത്തിൽ ആയിരിക്കണം.
2. ജഡ്ജിമാർക്ക് മതിയായ പ്രതിഫലം നല്കണം.
3. പ്രതിപക്ഷ പാർട്ടിയിലെ അംഗങ്ങൾക്ക് ജഡ്ജിമാരെ തെരഞ്ഞെടുക്കുവാൻ ഉള്ള അധികാരം.
4. ജഡ്ജിമാരുടെ കാലാവധിക്ക് ഉറപ്പ്നൽകുക.

(A) 2 and 3
(B) 3 and 4
(C) 3 only
(D) 2 only

24. 2025 ഏപ്രിൽ മാസം പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തിന് തിരച്ചടിയായി ഇന്ത്യ നടത്തിയ ആക്രമണത്തിന് 'ഓപ്പറേഷൻ സിന്ദൂർ' എന്ന പേര് നിർദ്ദേശിച്ച വ്യക്തിയാര്?

(A) ദ്രൗപദി മുർമു
(B) രാജ്നാഥ് സിങ്
(C) ജനറൽ അനിൽ ചൗഹൻ
(D) ഇവരാരുമല്ല

25. ചേരുംപടി ചേർക്കുക.

A.	91-ആം ഭരണഘടനാ ഭേദഗതി	1.	നഗരതദ്ദേശ സ്വാപനങ്ങളെ ഭരണഘടനാവൽക്കരിച്ചു
B.	74-ആം ഭരണഘടനാ ഭേദഗതി	2.	വിദ്യാഭ്യാസം മൗലികാവകാശമാക്കി
C.	86-ആം ഭരണഘടനാ ഭേദഗതി	3.	മന്ത്രിമാരുടെ എണ്ണം ലോകസഭാഗങ്ങളുടെ 15% കവിയാൻ പാടില്ല
D.	42-ആം ഭരണഘടനാ ഭേദഗതി	4.	ലോകസഭയുടെ കാലാവധി ആറ് വർഷമാക്കി

(A) A-2, B-1, C-4, D-3
(B) A-3, B-1, C-2, D-4
(C) A-3, B-2, C-4, D-1
(D) A-2, B-3, C-4, D-1

26. ഇന്ത്യയുടെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് താഴെപ്പറയുന്നവരിൽ ആരാണ്?

(A) അജിത് ഡോവൽ
(B) മനോജ് സിൻഹ
(C) അമിത് ഷാ
(D) ബ്രജേഷ് മിശ്ര

Visit KPSCHub.in
More QPs & Answer Keys

27. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷനുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏത് / ഏവ?

(i) ഭരണഘടനയുടെ 243 (കെ) വകുപ്പ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെക്കുറിച്ച് പ്രതിപാദിക്കുന്നു.

(ii) സംസ്ഥാന നിയമസഭയിലേക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുമുള്ള തെരഞ്ഞെടുപ്പിന് മേൽനോട്ടം വഹിക്കുന്നത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനാണ്.

(iii) ഹൈക്കോടതി ജഡ്ജിക്ക് വേണ്ടി നിർവചിച്ചിരിക്കുന്ന അടിസ്ഥാനത്തിലും രീതിയിലും അല്ലാതെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറെ കാലാവധിക്ക് മുൻപായി ആ പദവിയിൽ നിന്ന് മാറ്റാൻ കഴിയില്ല.

(A) (i, ii) എന്നിവ മാത്രം ശരിയാണ്
(B) (iii) മാത്രം ശരിയാണ്
(C) (i, iii) എന്നിവ മാത്രം ശരിയാണ്
(D) (ii) മാത്രം ശരിയാണ്

28. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായത് ഏത് / ഏവ?

(i) കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള ഒരു സ്വയം ഭരണ സ്ഥാപനമാണ് കേരള സാക്ഷരതാ മിഷൻ അതോറിറ്റി.

(ii) സംസ്ഥാനത്ത് സാക്ഷരതയും തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനും സജീവമാക്കുന്നതിനും വേണ്ടിയാണ് ഇത് രൂപീകൃതമായത്.

(iii) കേരള സാക്ഷരതാ മിഷൻ അതോറിറ്റിയുടെ ചെയർമാൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയാണ്.

(A) (i) മാത്രം ശരിയാണ്
(B) (ii, iii) എന്നിവ മാത്രം ശരിയാണ്
(C) (iii) മാത്രം ശരിയാണ്
(D) (i, ii) എന്നിവ മാത്രം ശരിയാണ്

29. സംസ്ഥാന ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത് / ഏവ?

(i) സംസ്ഥാന ധനകാര്യ കമ്മീഷനെ നിയമിക്കുന്നത് സംസ്ഥാന ഗവർണറാണ്.

(ii) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്ത് ശുപാർശകൾ സമർപ്പിക്കാൻ നിയുക്തമായതാണ് സംസ്ഥാന ധനകാര്യ കമ്മീഷൻ.

(iii) കേരളത്തിൽ ഇതുവരെ ഏഴ് ധനകാര്യ കമ്മീഷനുകൾ നിലവിൽ വന്നിട്ടുണ്ട്.

(A) (i, ii) എന്നിവ മാത്രം ശരിയാണ്
(B) (iii) മാത്രം ശരിയാണ്
(C) (ii, iii) എന്നിവ മാത്രം ശരിയാണ്
(D) എല്ലാ പ്രസ്താവകളും ശരിയാണ്

Visit KPSCHub.in
More QPs & Answer Keys

30. കേരള സംസ്ഥാന തണ്ണീർത്തട സംരക്ഷണ അതോറിറ്റിയുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന ഏത് / ഏവ?

(i) 2008-ലെ കേരള സംസ്ഥാന നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമാണ് സ്ഥാപിതമായത്.

(ii) കേരള സംസ്ഥാന തണ്ണീർത്തട സംരക്ഷണ അതോറിറ്റിയുടെ വൈസ് ചെയർമാൻ സംസ്ഥാന പരിസ്ഥിതി വനംവകുപ്പ് മന്ത്രിയാണ്.

(iii) പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടർ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കുന്നു.

(A) (i) മാത്രം തെറ്റാണ്
(B) (i, iii) എന്നിവ മാത്രം തെറ്റാണ്
(C) (i, ii) എന്നിവ മാത്രം തെറ്റാണ്
(D) (ii, iii) എന്നിവ മാത്രം തെറ്റാണ്

31. സംസ്ഥാന പബ്ലിക്ക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന ഏത് / ഏവ?

(i) സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനെയും അംഗങ്ങളെയും സംസ്ഥാന ഗവർണ്ണർ ആണ് നിയമിക്കുന്നത്.

(ii) സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനിലെ അംഗംത്തിന് കാലാവധിയായ ആറ് വർഷമോ അല്ലങ്കിൽ 65 വയസ്സ് വരെയോ പദവിയിൽ തുടരാവുന്നതാണ്.

(iii) സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗത്തെ കാലാവധിക്ക് മുൻപായി പദവിയിൽ നിന്നും നീക്കം ചെയ്യാൻ ഗവർണ്ണറുടെ ഉത്തരവിലൂടെ സാധിക്കുമെന്ന് ഭരണഘടനയിൽ വ്യവസ്ഥയുണ്ട്.

(A) (ii, iii) എന്നിവ മാത്രം തെറ്റാണ്
(B) (i, iii) എന്നിവ മാത്രം തെറ്റാണ്
(C) (i, ii) എന്നിവ മാത്രം തെറ്റാണ്
(D) (i) മാത്രം തെറ്റാണ്

32. വയോജന സംരക്ഷണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായത് ഏത് / ഏവ?

(i) വയോജന ക്ഷേമത്തിനായി രാജ്യത്താദ്യമായി കമ്മീഷൻ രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്ന കേരളാ വയോജനകമ്മീഷൻ ബിൽ കേരളനിയമസഭ പാസ്സാക്കിയിട്ടുണ്ട്.

(ii) പ്രമേഹ രോഗികളായ വയോജനങ്ങൾക്ക് സൗജന്യമായി ഗ്ളൂക്കോ മീറ്റർ നൽകുക എന്ന ലക്ഷ്യത്തോടെ കേരള സാമൂഹിക സുരക്ഷാമിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് 'വയോമിത്രം'.

(iii) ദാരിദ്ര്യ രേഖക്ക് താഴെയുള്ള വയോജനങ്ങൾക്ക് കൃത്രിമ ദന്തങ്ങളുടെ പൂർണസെറ്റ് സൗജന്യമായി വെച്ചുകൊടുക്കലാണ് 'മന്ദഹാസം' പദ്ധതിയിലൂടെ സാമൂഹ്യ നീതി വകുപ്പ് ലക്ഷ്യമിടുന്നത്.

(A) (i, iii) എന്നിവ മാത്രം ശരിയാണ്
(B) (ii, iv) എന്നിവ മാത്രം ശരിയാണ്
(C) (ii) മാത്രം ശരിയാണ്
(D) (i) മാത്രം ശരിയാണ്

Visit KPSCHub.in
More QPs & Answer Keys

33. കേരള സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചുള്ള പ്രസ്താവനകളിൽ ശരിയായത് ഏത് /ഏവ?

(i) കാഴ്ച്ച വെല്ലുവിളി നേരിടുന്ന എല്ലാ വിഭാഗം നിരക്ഷരർക്കും ബ്രെയിൽ സാക്ഷരത ലഭ്യമാക്കുന്നതിനായി സംസ്ഥാന സാക്ഷരതാ മിഷൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് 'ദീപ്തി'.

(ii) കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ ആശ്രിതർക്കായി കേരള സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ സ്വയം തൊഴിൽ പുനരധിവാസ പദ്ധതിയാണ് 'നവജീവൻ'.

(iii) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന 'പരിരക്ഷ' പദ്ധതിയുടെ ലക്ഷ്യം, 50 വയസ്സിന് മുകളിൽ പ്രായമുള്ള അശരണരായ വിധവകൾക്ക് സംരക്ഷണവും മെച്ചപ്പെട്ട ജീവിത സാഹചര്യവും ഉറപ്പാക്കുക എന്നതാണ്.

(A) (iii) മാത്രം ശരിയാണ്
(B) (i) മാത്രം ശരിയാണ്
(C) (ii, iii) എന്നിവ മാത്രം ശരിയാണ്
(D) (ii) മാത്രം ശരിയാണ്

34. കേരളത്തിലെ ആദ്യ ദേശീയോദ്യാനം ഏത്?

(A) പെരിയാർ
(B) ഇരവികുളം
(C) സൈലന്റ് വാലി
(D) മതികെട്ടാൻ ചോല

35. കോശം കണ്ടുപിടിച്ചതാര്?

(A) റോബർട്ട് ഹൂക്ക്
(B) റോബർട്ട് ഫ്രോസ്റ്റ്
(C) ഷ്ലീഡൻ
(D) ഷ്വാൻ

36. പഴയീച്ച എന്ന് അറിയപ്പെടുന്നത്

(A) മസ്ക്ക
(B) ഡ്രോസോഫില
(C) ടോക്സോപ്ലാസ്മ
(D) ഷിസ്റ്റോസോമ

37. മനുഷ്യശരീരത്തിലെ ഏറ്റവും ചെറിയ അസ്ഥിയേത്?

(A) റ്റിബിയ
(B) സ്റ്റേപ്പിസ്
(C) സ്ക്കാപ്പുല
(D) ക്ലാവിക്കിൾ

38. ലോക ഡയബറ്റിസ് ദിനമായി ആചരിക്കുന്നത്

(A) നവമ്പർ 14
(B) നവമ്പർ 15
(C) ജൂലൈ 11
(D) ഡിസമ്പർ 20

39. നാരങ്ങ, നെല്ലിക്ക, തുടങ്ങിയവയിൽ കാണുന്ന വൈറ്റമിനേത്?

(A) വൈറ്റമിൻ - A
(B) വൈറ്റമിൻ - B_6
(C) വൈറ്റമിൻ - C
(D) വൈറ്റമിൻ - D

Visit KPSCHub.in
More QPs & Answer Keys

40. ഈ അടുത്ത ദിവസങ്ങളിൽ കേരളത്തിൽ വച്ച് മരണമടഞ്ഞ മുൻ കെനിയൻ പ്രധാനമന്ത്രി

(A) റേയ്ല ഒഡിങ്ങ
(B) കീർ സ്റ്റാർമർ
(C) വില്ല്യം കിപ്പ് ചിർചിർ
(D) റിഷി സുനാക്ക്

41. അടുത്ത ലോക കപ്പ് നടക്കാൻ പോകുന്ന വർഷമേത്?

(A) 2027
(B) 2028
(C) 2026
(D) 2029

42. ഒരു പഴത്തിൽ അടങ്ങിയിരിക്കുന്ന ഊർജത്തിന്റെ അളവ് ഏകദേശം, 840 KJ ആണ്. ഇത് എത്ര കലോറിക്ക് തുല്യമായിരിക്കും?

(A) 3528 KCal
(B) 200 Cal
(C) 200 KCal
(D) 3528 Cal

43. 20 cm ഫോക്കസ് ദൂരമുള്ള ഒരു കോൺകേവ് ലെൻസിന്റെ പവർ എത്രയായിരിക്കും?

(A) 0.05 D
(B) – 5 D
(C) – 0.05 D
(D) 5 D

44. ചുവടെ നൽകിയ പ്രസ്താവനകളിൽ ശരിയായത് ഏത്?

(i) ശബ്ദവും പ്രകാശവും വൈദ്യുത കാന്തിക തരംഗങ്ങളാണ്.

(ii) ശബ്ദം അനുദൈർഘ്യ തരംഗവും പ്രകാശം അനുപ്രസ്ഥ തരംഗവുമാണ്.

(iii) പ്രകാശം അനുദൈർഘ്യ തരംഗവും ശബ്ദം അനുപ്രസ്ഥ തരംഗവുമാണ്.

(iv) പ്രകാശം വൈദ്യുത കാന്തിക തരംഗമാണ്.

(A) (i) & (iii)
(B) (ii) & (iv)
(C) (iii) & (iv)
(D) (i) & (ii)

45. താഴെ തന്നിരിക്കുന്നവയിൽ നിന്നും ശരിയായ പ്രസ്താവന കണ്ടെത്തുക

(i) പുതിയ പാമ്പൻ പാലം പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തത് 2025 ഏപ്രിൽ 6നാണ്.

(ii) ഇന്ത്യയിലെ ആദ്യത്തെ വെർട്ടിക്കൽ ലിഫ്റ്റ് കടൽപാലമാണ് പുതിയ പാമ്പൻ പാലം.

(iii) നീളം 2.07 കിലോമീറ്ററാണ്.

(A) (i) & (ii) മാത്രം ശരി
(B) എല്ലാ പ്രസ്താവനകളും ശരി
(C) (ii) & (iii) മാത്രം ശരി
(D) (i) മാത്രം ശരി

46. 2026-ൽ ബ്രിക്സ് ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കുന്ന രാജ്യം

(A) ബ്രസീൽ
(B) റഷ്യ
(C) ഇന്ത്യ
(D) ചൈന

Visit KPSCHub.in
More QPs & Answer Keys

47. STP-ൽ ഒരു മോൾ ഹൈഡ്രജന്റെ വ്യാപ്തം

(A) 11.2 ലിറ്റർ
(B) 224 ലിറ്റർ
(C) 22.4 ലിറ്റർ
(D) 112 ലിറ്റർ

48. കപടസംക്രമണ മൂലകം

(A) കോപ്പർ
(B) അയേൺ
(C) സിൽവർ
(D) സിങ്ക്

49. കലാമിൻ ഏത് ലോഹത്തിന്റെ അയിരാണ്?

(A) സിങ്ക്
(B) കോപ്പർ
(C) അയേൺ
(D) ഗോൾഡ്

50. ലോക കാലാവസ്ഥ ദിനം

(A) ഫെബ്രുവരി 23
(B) മാർച്ച് 23
(C) മാർച്ച് 22
(D) ഫെബ്രുവരി 22

51. ചന്ദ്രയാൻ-3 ശിവശക്തി പോയിന്റിൽ വിജയകരമായി സോഫ്റ്റ് ലാൻഡിംഗ് നടത്തിയ തീയതി

(A) 14 ജൂലൈ 2023
(B) 15 ഓഗസ്റ്റ് 2023
(C) 23 ഓഗസ്റ്റ് 2023
(D) 7 സെപ്റ്റംബർ 2019

52. 'ചിന്നത്തമ്പി അണ്ണാവി' ഏത് കലാരൂപവുമായി ബന്ധപ്പെട്ട് പ്രശസ്തി നേടി?

(A) ചവിട്ടുനാടകം
(B) തെക്കൻപാട്ട്
(C) പൂരക്കളി
(D) വേലകളി

53. ഒളിമ്പിക്സിൽ പങ്കെടുത്ത ആദ്യമലയാളി ആര്?

(A) പി.ടി. ഉഷ
(B) നോറ പോളി
(C) ഷൈനി വിൽസൺ
(D) സി.കെ. ലക്ഷ്മൺ

54. 'അപ്പുക്കിളി' എന്ന കഥാപാത്രം ഏത് മലയാള നോവലിൽ ഉള്ളതാണ്?

(A) പുള്ളിയൻ
(B) ആത്രേയകം
(C) അനർഘനിമിഷം
(D) ഖസാക്കിന്റെ ഇതിഹാസം

55. ശബരിമല ക്ഷേത്രം ഏത് ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്?

(A) കൊല്ലം
(B) ഇടുക്കി
(C) പത്തനംതിട്ട
(D) കോട്ടയം

Visit KPSCHub.in
More QPs & Answer Keys

56. 2025ലെ ഇന്ത്യൻ ഫിലിംഫെസ്റ്റിവൽ ഓഫ് കേരളയിൽ മികച്ച ജനപ്രിയ ചിത്രത്തിനുള്ള ഓഡിയൻസ് പോൾ പുരസ്കാരം ലഭിച്ച ചിത്രമേത്?

(A) ഉടലാഴം
(B) തന്തപ്പേര്
(C) ഭ്രമയുഗം
(D) ഫെമിനിച്ചി ഫാത്തിമ

57. മച്ചാട്ടിളയത് ഏത് സാഹിത്യശാഖയിലാണ് പ്രസിദ്ധി നേടിയിട്ടുള്ളത്?

(A) വടക്കൻപാട്ട്
(B) തിരുവാതിരപ്പാട്ട്
(C) വഞ്ചിപ്പാട്ട്
(D) കിളിപ്പാട്ട്

58. ചേരമാൻ ജുമാമസ്ജിദ് സ്ഥിതി ചെയ്യുന്ന സ്ഥലം ഏത്?

(A) പൊന്നാനി
(B) കൊടുങ്ങല്ലൂർ
(C) തിരൂർ
(D) മട്ടാഞ്ചേരി

59. 1 KB = _____

(A) 1000 ബിറ്റ്സ്
(B) 1024 ബിറ്റ്സ്
(C) 1000 ബൈറ്റ്സ്
(D) 1024 ബൈറ്റ്സ്

60. താഴെ പറയുന്നവയിൽ ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ ഏതാണ്?

(A) എം എസ്സ് ഓഫീസ്
(B) അഡോബ് ഫോട്ടോഷോപ്പ്
(C) മോസ്സില്ല ഫയർഫോക്സ്
(D) സ്കൈപ്പ്

61. സൈബർ കുറ്റകൃത്യങ്ങളെ കൈകാര്യം ചെയ്യുന്ന ഇന്ത്യൻ നിയമം ഏതാണ്?

(A) ഐ.ടി. ആക്റ്റ് 2000 (അമൻഡഡ് 2008)
(B) ഡിജിറ്റൽ സെക്യൂരിറ്റി ആക്റ്റ് 2015
(C) സൈബർ ക്രൈം പ്രൊട്ടക്ഷൻ ആക്റ്റ് 2012
(D) ഇൻഫർമേഷൻ പ്രൈവസി ആക്റ്റ് 2005

62. ആരാണ് WWW കണ്ടുപിടിച്ചത്?

(A) ലാറി പേജ്
(B) വിന്റ് സർഫ്
(C) ടിം ബെർണേഴ്സ് ലീ
(D) സ്റ്റീവ് ജോബ്സ്

63. ഒരു കമ്പ്യൂട്ടറും മൊബൈൽ ഫോണും തമ്മിലുള്ള ബ്ലൂടൂത്ത് കണക്ഷൻ ഏത് തരം നെറ്റ്വർക്കിന് ഉദാഹരണമാണ്?

(A) ലാൻ
(B) പാൻ
(C) വാൻ
(D) മാൻ

Visit KPSCHub.in
More QPs & Answer Keys

64. 2025-ലെ കേന്ദ്ര സാഹിത്യ അക്കാദമി യുവ പുരസ്കാരം (മലയാളം) നേടിയത് ആര്?

(A) അനിൽ പി ധർമ്മജൻ
(B) അഖിൽ പി ധർമ്മജൻ
(C) പ്രസാദ് സൂരി
(D) ശ്രീജിത്ത് മൂത്തേടത്ത്

65. 2025-ൽ ഇന്ത്യയുടെ അമ്പത്തി രണ്ടാമത് ചീഫ് ജസ്റ്റിസ് ആയി ചുമതലയേറ്റത് ആര്?

(A) ജസ്റ്റിസ് സഞ്ജീവ് ഖന്ന
(B) ജസ്റ്റിസ് എൻ.വി. രമണ
(C) ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്
(D) ജസ്റ്റിസ് ബി.ആർ. ഗവായ്

66. 2005-ലെ വിവരാവകാശ നിയമത്തിലെ വകുപ്പ് 8 പ്രകാരം, ഇവയിൽ ഏത് തരം വിവരങ്ങളാണ് വെളിപ്പെടുത്തേണ്ടതല്ലാത്തത്?

(A) ഇന്ത്യയുടെ പരമാധികാരത്തെയും അഖണ്ഡതയെയും ബാധിക്കുന്നവ
(B) അഴിമതിയെ സംബന്ധിക്കുന്നവ
(C) പൊതു താല്പര്യമുള്ള വിവരങ്ങൾ
(D) ഇവയെല്ലാം

67. പോക് സോ ആക്ട് 2012 വകുപ്പ് 10 പ്രകാരം ഗുരുതരമായ ലൈംഗികാതിക്രമത്തിന് ലഭിക്കാവുന്ന ഏറ്റവും കുറഞ്ഞ തടവ് ശിക്ഷ എത്രയാണ്?

(A) മൂന്ന് വർഷം
(B) ഏഴ് വർഷം
(C) അഞ്ച് വർഷം
(D) പത്ത് വർഷം

68. 2019-ലെ ഉപഭോക്ത സംരക്ഷണ നിയമം വകുപ്പ് 34 പ്രകാരം, ഒരു കോടി രൂപ വരെ മൂല്യമുള്ള സാധനങ്ങളുടെയോ, സേവനങ്ങളുടെയോ ബന്ധപ്പെട്ട പരാതികൾ സമർപ്പിക്കേണ്ടത് എവിടെ?

(A) ദേശീയ കമ്മീഷൻ
(B) സംസ്ഥാന കമ്മീഷൻ
(C) ജില്ലാ കമ്മീഷൻ
(D) ഹൈക്കോടതി

69. 2005-ലെ ഗാർഹിക പീഡന നിയമത്തിലെ സെക്ഷൻ 18 പ്രകാരം, ആർക്കാണ് സംരക്ഷണ ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുക?

(A) പോലീസ് ഓഫീസർ
(B) മജിസ്ട്രേറ്റ്
(C) സ്റ്റേഷൻ ഹൗസ് ഓഫീസർ
(D) ഏതെങ്കിലും ജഡ്ജി

70. പട്ടികജാതി, പട്ടിക വർഗ്ഗ (അതിക്രമം തടയൽ) നിയമം 1989 വകുപ്പ് 3 അനുസരിച്ച് അതിക്രമ കുറ്റം ചെയ്തതിന് ആരെയാണ് ശിക്ഷിക്കാൻ കഴിയുക?

(A) ഏതൊരാളെയും
(B) ഒരു പട്ടികജാതി അംഗത്തെ മാത്രം
(C) പട്ടികജാതി അല്ലെങ്കിൽ പട്ടികവർഗ്ഗ അംഗമായ ആരെയും
(D) പട്ടികജാതി അല്ലെങ്കിൽ പട്ടികവർഗ്ഗ അംഗമല്ലാത്ത ആരെയും

Visit KPSCHub.in
More QPs & Answer Keys

71. വില കാണുക

$5 + 4 \times 5 + 4 \times 5^2 + 4 \times 5^3 + 4 \times 5^4 + 4 \times 5^5$

(A) 5^4 (B) 1250

(C) 5^6 (D) 5^7

72. ഒരു ക്ലോക്കിലെ പ്രതിബിംബം കണ്ണാടിയിലൂടെ നോക്കുമ്പോൾ 11:15 ആണെങ്കിൽ യഥാർത്ഥ സമയമെത്ര?

(A) 10:30 (B) 12:45

(C) 9:45 (D) 2:35

73. 2025 ജൂലൈ 8 ചൊവ്വാഴ്ച ആണെങ്കിൽ 95 ദിവസം കഴിഞ്ഞു ഏതു ദിവസം ആയിരിക്കും?

(A) ശനി (B) ബുധൻ

(C) വ്യാഴം (D) ഞായർ

74. 0, 26, 124, 342, 728..... എന്ന ശ്രേണിയിലെ അടുത്ത പദം ഏത്?

(A) 1225 (B) 1430

(C) 1020 (D) 1330

75. ഒരു ക്ലാസിലെ കുട്ടികളെ വരിയായി നിർത്തിയിരിക്കുന്നു. വരിയിൽ ആകെ 50 കുട്ടികളുണ്ട്. അതിൽ അനു മുമ്പിൽ നിന്ന് 10-ആമതും വിനു പിന്നിൽ നിന്ന് 34-ആമതും ആണ്. അവരുടെ ഇടയിൽ എത്ര കുട്ടികളുണ്ട്?

(A) 12 (B) 4

(C) 6 (D) 24

76. ഒരു ജോലി Aയും Bയും ഒരുമിച്ചു ചെയ്തുതീർക്കുന്നതിന് 30 ദിവസം വേണം. Bയേക്കാൾ 3 മടങ്ങ് ജോലി ചെയ്യുന്ന ആളാണ് A. എങ്കിൽ A തനിച്ച് ആ ജോലി ചെയ്തുതീർക്കുന്നതിന് എത്ര ദിവസം വേണ്ടിവരും?

(A) 40 (B) 16

(C) 10 (D) 20

77. ഒരു സമചതുരത്തിന്റെ വികർണ്ണം വശമായി വരയ്ക്കുന്ന സമചതുരത്തിന്റെ വിസ്തീർണ്ണം 1352 ചതുരശ്രസെന്റിമീറ്ററാണ്. ആയാൽ ആദ്യ സമചതുരത്തിന്റെ ഒരു വശത്തിന്റെ നീളം എത്ര?

(A) 10 (B) 30

(C) 16 (D) 26

78. 200 മീറ്റർ ഓട്ടമത്സരത്തിൽ A 45 സെക്കൻഡിലും, B 50 സെക്കൻഡിലും ദൂരം പൂർത്തിയാക്കും. ഈ ഓട്ടത്തിൽ A, Bയെ എത്ര സെക്കൻഡ് മുന്നിൽ നിന്ന് ജയിക്കും?

(A) 10 (B) 15

(C) 5 (D) 20

79. ഒരാൾ 3 ബുക്ക് വാങ്ങിയപ്പോൾ 1 ബുക്ക് സൗജന്യമായി ലഭിച്ചു. എങ്കിൽ ഡിസ്കൗണ്ട് എത്ര ശതമാനം?

(A) 25% (B) 12%

(C) 30% (D) 10%

80. $(10^3 - 7^3) \div (10^2 + 70 + 7^2) = ?$

(A) 7 (B) 3

(C) 27 (D) 10

Visit KPSCHub.in
More QPs & Answer Keys

81. Choose the correct preposition given in brackets.
He searched _____ the ring everywhere.

(A) for (B) of
(C) to (D) in

82. Choose the correct tense form of the verb given in brackets.
Our school team _____ the cricket match last year.

(A) had won (B) wins
(C) win (D) won

83. The children are playing, _____?

(A) don't they? (B) aren't they?
(C) do they? (D) weren't they?

84. Choose the correct passive form of the sentence given below :
People will support us.

(A) They would be supported by the people.
(B) We will be supported by the people.
(C) They will be supported by the people.
(D) He will be supported by the people.

85. If she had taken a car, she _____ the station in time.

(A) would have reached (B) would reach
(C) had reached (D) will reach

86. Choose the correct antonym of the word 'rigid'.

(A) Gratify (B) Flexible
(C) Comfort (D) Consent

87. Choose the correct phrasal verb to complete the sentence.
My sister tries to _____ some money every month.

(A) set on (B) set off
(C) set aside (D) set up

88. Choose the correct synonym of the word 'Frivolous'.

(A) harsh (B) arduous
(C) irritable (D) silly

89. The masculine gender of 'Witch' is _____.

(A) Priest (B) Wizard
(C) Drake (D) Stallion

90. Choose the correct one-word substitute for : 'One talking a lot'.

(A) Omniscient (B) Loquacious
(C) Optimist (D) Philatelist

Visit KPSCHub.in
More QPs & Answer Keys

91. 'പകിട പന്ത്രണ്ടു വീഴുക' എന്ന ശൈലിയുടെ അർത്ഥം താഴെ തന്നിരിക്കുന്നവയിൽ ഏതാണ്?

(A) അത്യധികം പേടിക്കുക

(B) അനുകൂലമാവുക

(C) കഷ്ടപ്പെടുക

(D) നാശമുണ്ടാക്കുക

92. ശരിയായ പദം തിരഞ്ഞെടുത്തെഴുതുക

(A) അനുഗ്രഹീത

(B) ഐക്യമത്യം

(C) അനാസ്ഥ

(D) കുഡുംബം

93. 'സ്വാധീനം' എന്ന പദം പിരിച്ചെഴുതുക

(A) സ + അധീനം

(B) സ്വ + അധീനം

(C) സ്വാ + അധീനം

(D) സ്വാ + ധീനം

94. 'തരുണൻ' എന്ന വാക്കിന്റെ സ്ത്രീലിംഗം

(A) തരിണി

(B) തരുണിനി

(C) തരുണ

(D) തരുണി

95. 'തത്ത'യുടെ പര്യായ പദം അല്ലാത്തത് ഏത്?

(A) പരഭൃതം

(B) കീരം

(C) ശുകം

(D) ശാരിക

Visit KPSCHub.in
More QPs & Answer Keys

96. 'ഐഹികം' എന്നതിന്റെ വിപരീത പദം ഏത്?

(A) പാരിത്രികം
(B) അനൈഹികം
(C) പാരത്രകം
(D) പാരത്രികം

97. 'അതി + ആപത്ത്' ചേർത്തെഴുതുക

(A) അത്യാപത്ത്
(B) അത്ത്യാപത്ത്
(C) അദ്യാപത്ത്
(D) അധ്യാപത്ത്

98. താഴെക്കൊടുത്തിരിക്കുന്നവയിൽ സലിംഗബഹുവചനത്തിന് ഉദാഹരണം

(A) പക്ഷികൾ
(B) നടികൾ
(C) വീട്ടുകാർ
(D) മാൻകിടാങ്ങൾ

99. 'ഹർഷത്തോടുകൂടി' ഒറ്റപ്പദം എഴുതുക

(A) ഹർഷപൂർവ്വം
(B) ഹർഷകം
(C) സഹർഷം
(D) അഹർഷം

100. ശരിയായ വാക്യമേത്?

(A) ചില വാക്കുകൾക്ക് അർത്ഥ പരിമാണം വന്നു ചേർന്നിട്ടുണ്ട്
(B) ഏകയും ഒറ്റപ്പെട്ടവളുമായാണ് ഞാൻ യാത്ര തിരിച്ചത്
(C) തമിഴ്നാട്ടിലെ ഭരതനാട്യത്തിന് സദൃശമായ കേരളത്തിന്റെ കലാരൂപമാണ് മോഹിനിയാട്ടം
(D) ആ പുസ്തകം എടുക്കരുതെന്ന് ഞാൻ വീണ്ടും അവനോട് ആവർത്തിച്ചു പറഞ്ഞു

Visit KPSCHub.in
More QPs & Answer Keys

SPACE FOR ROUGH WORK

Visit KPSCHub.in
More QPs & Answer Keys

SPACE FOR ROUGH WORK

Visit KPSCHub.in
More QPs & Answer Keys